
PETALS
LITTLE KITES e-MAGAZINE
G.V.H.S.S KULAKKADA
little KITEs

# സ്കൂൾ ചരിത്രം

ചരിത്ര പ്രധാന്യമുള്ള  മണ്ണടിയിൽ ബ്രാഹ്മണ വിദ്യാർത്ഥികൾക്കുപഠിക്കുവാനായി AD 1910 ൽ സ്ഥാപിച്ച വിദ്യാലയം 1950 ൽ എല്ലാ വിദ്യാർത്ഥികൾക്കുമായി കുളക്കടയിൽ മാറ്റിസ്ഥാപിച്ചു .അങ്ങനെ നൂറ്റാണ്ടിന്റെ പാരമ്പര്യമുള്ള വിദ്യാലയ മുത്തശ്ശിയാണ്  ഗവ :വി എച്ച് എസ് എസ് കുളക്കട .ഒരു നാടിന്റെ ചരിത്രം ഉൾകൊള്ളുന്ന ഈ വിദ്യാലയം പഴയ പ്രതാപത്തോടെ കാലത്തിന്റെ പ്രൗഢിയോടെ ഇന്നും ശിരസ്സുയർത്തി നിൽക്കുന്നു .

കർമ്മനിരതമായ 109 വർഷങ്ങൾ പിന്നിട്ടു .ലക്ഷക്കണക്കിനാളുകൾക്കു ഔപചാരിക  വിദ്യാഭ്യാസത്തിന് വേദിയൊരുക്കി .സമൂഹത്തിന്റെ എല്ലാ തലങ്ങളിലും വ്യക്തി മുദ്ര പതിപ്പിച്ച ധാരാളം മഹാരഥൻമാർ ഇക്കൂട്ടത്തിലുണ്ട് .വിദ്യാഭ്യാസത്തിന്റെ യഥാർത്ഥ ലക്ഷ്യം സമൂഹത്തിനു ലഭിക്കുന്ന  തരത്തിലാണ് ഈ വിദ്യാലയം ഇന്നും പ്രവർത്തിക്കുന്നത് .യു പി വിഭാഗം,  ഹൈസ്കൂൾ വിഭാഗം ,ഹയർ സെക്കന്ററി ,വൊക്കേഷണൽ ഹയർ സെക്കന്ററി എന്നിവയും കേരളാ യൂണിവേഴ്സിറ്റി യുടെ ഒരു അധ്യാപക പരിശീലന കേന്ദ്രവും ഈ  സ്കൂൾ കോംപൗണ്ടിൽ പ്രവർത്തിക്കുന്നു .

# ആശംസകൾ



പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ആരംഭിച്ച ലിറ്റിൽ കൈറ്റ്സ് യൂണിറ്റിൽ നമ്മുടെ സ്കൂളിൽ എട്ട് ,ഒൻപത് ,പത്ത് ക്ലാസ്സുകളിലായി 120 വിദ്യാർത്ഥികൾ പ്രവർത്തിക്കുന്നുണ്ട് .കുളക്കട ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് 2019 -2020 വർഷത്തിൽ തയാറാക്കുന്ന ഇ -മാഗസിന് എല്ലാ ആശംസകളും നേരുന്നു .

പി ആർ ശ്രീകുമാർ
ഹെഡ് മാസ്റ്റർ
ജി വി എച്ച്എസ്
കുളക്കട

# മാഗസിൻ കമ്മിറ്റി

## സ്റ്റാഫ് എഡിറ്റേഴ്സ്

ഉഷ പി ഇ

ആശാദേവി

അനില  ആർ എസ്

## സ്റ്റുഡൻറ് എഡിറ്റേഴ്സ്

നേഹ മോനച്ചൻ

ഗൗരിനന്ദന

ഗായത്രി എസ്

ദീപ്തി  ബി

അഷർ സജി

ലെനിൻ ചെറിയാൻ

# കവിത

## സ്വപ്നങ്ങൾ

ഞാൻ കണ്ട സ്വപ്നങ്ങൾ  എൻ മൂകാഭിലാഷങ്ങൾ..
തിന്മതൻനെടും തൂണിനെ  തകർത്തു  സ്വപ്നങ്ങൾ
നാലു ചുവരുകൾക്കുള്ളിൽ ഒതുങ്ങാതെ  പാറിപറക്കണം
അതിരുകൾ ഇല്ലാത്ത  മനസിന്റെ ആഗ്രഹങ്ങളിലൂടെ
വസന്തം പെയ്തൊഴിയുംപോലെ എന്റെ  സ്വപ്നത്തെ
ഭൂമിയിൽ  കൊഴിഞ്ഞ ഇലയായ്  മാറാതെ
നാഡികൾക്കു  ജീവശ്വാസം പകർന്നിടും വായുവായ്
മരണത്തിന്റെ  അവസാന ശ്വാസത്തിലും സ്വപ്നങ്ങൾ
മനുഷ്യ ഹൃദയത്തിൻ  നന്മകൾ  കാണണം
മിന്നാമിനുങ്ങിനെ പോലെ  വാനിൽ ഉയരണം
ലോകമെന്ന കപടതയെ  പൂർണമായി  അറിയണം
നിദ്രയ്ക്കു കൂട്ടായ  എൻ പ്രിയ സ്വപ്നങ്ങൾ നിറങ്ങളായി
എന്നുമെന്നും  എൻ കൂടെ ഉണ്ടാകണം
എൻ സ്വപ്നം  എൻ പ്രതീക്ഷ എൻ ആഗ്രഹം ...

# കവിത

## മറഞ്ഞ തണൽ

ഇത്രയും കാലമെൻ തണലായിരുന്നമ്മ
അകലേക്ക് പോയി മറയുന്നിതാ
തീക്കനൽ മഴ പെയ്യുമീ -
ജീവിതത്തിൻ മേൽ
കുടയായിരുന്നോ തണൽ ജീവിതം
റാകിപ്പറക്കുവാൻ  വെമ്പുന്ന
പ്രാപ്പിടിയൻ മാരിൽനിന്നുമായി
തൻ ജീവൻ പാതി പകുത്തു
പടച്ചോരീ ആത്മാവിനെ കാക്കുന്ന
തള്ളക്കോഴിയെപോൽ
എൻ ജീവിതത്തിൻ വഴിയാകെ തണലാക്കി
മാറ്റിയൊരാൽ മരം പോൽ

ഇന്നിതാ കാലത്തിനാലയിൽ
രാകി മൂർപ്പിച്ച മഴുവിനെപോൽ
വെട്ടിനിരത്തി നശിപ്പിച്ചൊരെൻ
ജീവിത ത്തിൻ  തണൽവെളിച്ചം
ഇന്നിതാ കാലത്തിനാലയിൽ
രാകി മൂർപ്പിച്ച മഴുവിനെപോൽ

വെട്ടിനിരത്തി നശിപ്പിച്ചൊരെൻ
ജീവിത ത്തിൻ  തണൽവെളിച്ചം
ജീവിതം കൂർത്തുള്ള ദംഷ്ട്രകളൊക്കെയും
എൻ നേർക്ക നീട്ടി ഭയപ്പെടുത്തി
ദയയും കാരുണ്യവും ഇല്ലാത്തോരീ
ലോകമെന്ന വഴിയാകെ  കനൽനിറച്ച
ആ പൊള്ളലിൻ മേൽ  തണലായമ്മ -
തൻ പാതിയായ എന്മേൽ എന്നും
കുടയായി മാറി  തണൽ പരത്തി
ആ തണലിന്നിതാ  കാലത്തിൻ
നിഴലായി മാറിമറഞ്ഞിടുന്നു
ജീവിതം ഈ കനൽ വഴിയിൽ
പൊള്ളിടുന്നു ചുട്ടുനീറിടുന്നു

നിന്നെക്കുറിച്ചു ഞാൻ ഓർക്കുമ്പോൾ
നെഞ്ചിൽ മഴതുള്ളി വീഴുന്നു
നിന്നെക്കുറിച്ചു ഞാൻ ഓർക്കുമ്പോൾ
ഉള്ളിൽ കുളിർകാറ്റു വീശുന്നു
പറയാതെ പാടുന്നോരീ സന്ധ്യയിൽ
നിന്നെയകലെ തേടുന്നുവോ
പറയാതെ പാടുന്നോരീ സന്ധ്യയിൽ
ഇന്നും നീയെന്നെയോർക്കുന്നുവോ
ഒരു നീലക്കുറിഞ്ഞിയെ പോലെ

പ്രവീൺകൃഷ്ണൻ  യു ബി

# കലിമഴയിൽ വിറങ്ങലിച്ച പോകാത്തമാതൃത്വം

കൽക്കി  അവതാരം പോൽ ധരിത്രിയെ ഉൻമൂലനം  ചെയ്യുന്ന  ഘോരജലതാണ്ഡവം. തളിർത്തു മൊട്ടണിഞ്ഞു സുലഭോൻമാദയായി ആടിവിലസിനിന്നഹരിതവൃന്ദാവനങ്ങൾ  കൊടും ക്രൂര ഹത്യയ്ക്കു പാത്രമായിത്തീർന്നു .

പ്രകൃതിയിലെ സന്തുലനാവസ്ഥ  മണ്ണോടടിഞ്ഞു .മഴക്കെടുതികളും ഉരുൾപൊട്ടലും മണ്ണിടിച്ചിലും മത്സരബുദ്ധിയോടെ ആഗമിച്ചുകൊണ്ടിരുന്നു പ്രകൃതിക്ഷോഭങ്ങൾ എല്ലാവരെയും ക്രൂരമായി നശിപ്പിക്കുവാൻ തുടങ്ങി നിർദോഷികളായ  പല മിണ്ടാപ്രാണികളും ചത്തൊടുങ്ങി .ടി വി യിൽ വാർത്ത കണ്ടുകൊണ്ടിരുന്ന അമ്മുവിന്റെ ശ്രദ്ധയിൽ ആ ദൃശ്യം പൊടുന്നനെ പെട്ടു .ആ മനോഹര പൂമിഴികൾ വിലാപാർദ്രമായി കണ്ണീർതുള്ളികൾക്കു  ജന്മം  നൽകി .

അതു ഭൂമിയിൽ ജലത്താണ്ഡവത്തിന്റെ പ്രളയത്തെ ലജ്ജി പ്പിച്ചു

.വെള്ളപ്പൊക്കം  ഒരു കുടുംബത്തെയാകെ

എടുത്തുകൊണ്ടുപോകുന്ന

ദൃശ്യമായിരുന്നു അത് .ഒരു നായ  വെള്ളപ്പൊക്കത്തിൽ ഒഴുകുന്ന

തന്റെ കുഞ്ഞുങ്ങളെ രക്ഷിക്കാൻ  കഷ്ടപ്പെടുന്നു .

ആരെങ്കിലും അതിനെ ഒന്നു  സഹായിച്ചിരുന്നെങ്കിൽ  എന്ന്

അമ്മുവിനു  തോന്നി .വെള്ളം ഉയരുന്ന അവസ്ഥയിലും

സ്വന്തം ജീവൻ മറന്നും കുഞ്ഞിനെ രക്ഷിക്കാൻ നോക്കുകയാണ്

അത്.നായക്കുഞ്ഞിന്റെ കഴുത്തിൽ കടിച്ചെടുത്തു

കൊണ്ട് പോകാൻ ശ്രമിക്കുകയാണ് അത്.എന്നാൽ നനവു

കാരണം വഴുതിപ്പോകുകയാണ് .ഒടുവിൽ  വളരെ  ശ്രമപ്പെട്ടു

അതിന്റെ  കുഞ്ഞിനെ രക്ഷപ്പെടുത്തി  കരയ്ക്കെത്തിച്ചു .

അമ്മുവിന്റെ അമ്മ ആ കാഴ്ച കണ്ടു പറഞ്ഞു

.എന്തൊക്കെയായാലും കാക്കയ്ക്കും  തൻ കുഞ്ഞു

പൊൻകുഞ്ഞു എന്നു കേട്ടിട്ടില്ലേ .അമ്മയ്ക്കു തുല്യം അമ്മ മാത്രം

.എത്ര  കഷ്ട പെട്ടു  മക്കളെ വളർത്തിയാലും

വൃദ്ധരാകുമ്പോൾ ഉപേക്ഷിക്കുന്നതാണ്  ഇന്നത്തെ  സമൂഹം

.അമ്മുവിന് തോന്നി  ശരിയാണ് .ഞാൻ ഒരിക്കലും  അങ്ങനെ

യാകില്ല .അപ്പോഴും മഴ  ശക്തമായി  പെയ്തുകൊണ്ടിരുന്നു

അനുമോൾ

10.A

# ലേഖനം

## മനുഷ്യർ മാത്രം ബാക്കിയാകുന്ന വികസനം

വർത്തമാന സമൂഹത്തിൽ നാം നേരിടുന്ന ഒരുപാടു പ്രകൃതി ബന്ധിതവിഷയങ്ങൾ ഉണ്ട് .മഴക്കുറവ് അതി കഠിന വേനൽ ജലക്ഷാമം പ്രളയം വെള്ളപ്പൊക്കം മണ്ണിടിച്ചിൽ തുടങ്ങി നിരവധി വിഷയങ്ങൾ .ഒന്നു കൂടി നാം ചിന്തിക്കേണ്ടതുണ്ട് .പണ്ട് ഇങ്ങനെ ആയിരുന്നോ ?ആ ഒരു ചോദ്യത്തിന്റെ ഉത്തരം മനസിലാക്കിയാൽ പ്രതിവിധി ആയി .പണ്ട് ഒരുമയോടും സ്നേഹത്തോടെയുംഎല്ലാം പങ്കുവെച്ചും ജീവിച്ചിരുന്ന ഒരു സമൂഹമായിരുന്നു നമ്മുടേത്എല്ലാവരും കൃഷിപ്പണി ചെയ്തിരുന്നു .സ്വന്തം മണ്ണിൽ അദ്ധ്വാനിച്ചു ഭക്ഷിച്ചവർ .അന്ന് അന്യസംസ്ഥാനങ്ങളിൽ നിന്നും പച്ചക്കറികൾ നമ്മുടെ ഹരിതാഭമായിരുന്ന കേരളത്തിലേക്ക് വരില്ലായിരുന്നു .കാരണം മലയാളികൾ പൊതുവെ അധ്വാനികളായിരുന്നു .അവർക്ക് അധ്വാനിക്കുന്നതും കൃഷിചെയ്യുന്നതും ഒക്കെ മഹത്തരമായ പ്രവർത്തനങ്ങളായിരുന്നു .അവർ എത്രയെത്ര വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചു .പുഴകൾ സംരക്ഷിച്ചു .പ്രകൃതിയെ സ്വന്തം അമ്മയെന്നപോലെ ,സഹോദരിയെന്നപോലെ ,കുഞ്ഞനുജത്തിയെന്നപോലെ സംരക്ഷിച്ചു സ്നേഹിച്ചു .അതിനാൽ പ്രകൃതി തിരിച്ചും മഴകൊടുത്തും തണൽകൊടുത്തും തണുപ്പുകൊടുത്തും അങ്ങനെ മനുഷ്യനെ അകമഴിഞ്ഞ് സ്നേഹിച്ചു .ഇന്നും

കേരളമണ്ണിന്റെ മണം ശ്വസിച്ചു മണ്ണിൽ ഉറങ്ങുന്ന ഒരുപാട് പൂർവികർ നമുക്കു നൽകിയത് പച്ചപ്പരവതാനി വിരിച്ച ഹരിതാഭമാർന്ന ,തിളങ്ങുന്ന ഒരു സുന്ദര പ്രകൃതിയേയാണ് .പക്ഷേ പുതുതലമുറയുടെ കൊള്ളരുതായ്മകൾകൊണ്ട് ആ സുന്ദരപ്രകൃതി ഇന്ന് വിപത്തിന്റെ പാതയിലേക്ക് സഞ്ചരിക്കുകയാണ് .ഇതിന് കരണക്കാരോ പ്രകൃതിയിൽ വസിക്കുന്ന നമ്മൾ മനുഷ്യർ മാത്രം .പ്രകൃതിയെ നശിപ്പിച്ചാൽ ഇല്ലാതാകുന്നത് നാം കൂടിയാണ് .എവിടെയൊരു മരം നിന്നാലും നാം അത് വെട്ടിനശിപ്പിക്കുന്നു ,പുഴകളിലും തോടുകളിലും എല്ലാം പ്ലാസ്റ്റിക് വാരിച്ചിതറുന്നു

.കേരളത്തിന്റെ സാംസ്കാരിക അടിത്തറയായ പുഞ്ചപ്പാടങ്ങളും തോടുകളും നദികളും എല്ലാം ഇടിച്ചുനിരത്തുകയും ബഹുകുറ്റൻ കെട്ടിടങ്ങൾ പണിതുയർത്തുന്നു . എന്തിനുവേണ്ടി ?പണം ,സമ്പത്ത് അങ്ങനെ ആ ഒരൊറ്റ ലക്ഷ്യത്തിനുവേണ്ടി .ഇന്നത്തെ തലമുറയുടെ മറ്റൊരു പ്രത്യേകതയാണ് .അവർ സ്വന്തം സുഖത്തിനും ക്ഷേമത്തിനും വേണ്ടി മാത്രമേ പ്രയത്നിക്കൂ ,അത് മറ്റുള്ളവന്റെ ദോഷമാണെങ്കിലും .സത്യത്തിൽ സന്തോഷവും ആനന്ദപരവുമായ ജീവിതം നയിക്കാൻ പ്രകൃതി ആവശ്യത്തിലധികം വസ്തുക്കൾ നമുക്ക് നൽകിയിട്ടുണ്ട് .എന്നാൽ നാമോ അതിലൊന്നും തൃപ്തികണ്ടെത്താതെ വീണ്ടും അത്യാഗ്രഹം മൂത്തലയുകയാണ് .പണത്തിനും ,സ്വത്തിനും വേണ്ടി. സദാസമയവും മനസ്സിൽ ആ ഒരൊറ്റ ചിന്ത മാത്രമാണ് .പ്രകൃതിയെപ്പോലും മറന്ന് പെരുമാറുന്നു .മനുഷ്യർ ധനികനാകാൻ വേണ്ടി പ്രകൃതിയെ മറക്കുന്നു .പ്രകൃതിയെ പരിഗണിച്ചില്ലെങ്കിലും ദ്രോഹിക്കാതിരുന്നാൽ മതി .ഒരിക്കലും മനുഷ്യൻ മാത്രമായി ഭൂമിയിൽ അവശേഷിക്കുകയില്ല .അങ്ങനെയൊരു ജീവിതം ആരുംതന്നെ സ്വപ്നം കാണുകയും വേണ്ട .ജീവിക്കണമെന്ന് ആഗ്രഹമുള്ള മനുഷ്യർ ആരുംതന്നെ ഇനി  വികസനം ചെയ്യുന്ന മനുഷ്യന്റെ സാമ്പത്തികനേട്ടം മാത്രം ലക്ഷ്യം വച്ചുകൊണ്ടിരിക്കരുത് .കാരണം ജീവിക്കണമെങ്കിൽ പ്രകൃതിയും ,അതിലെ കാടും ,മേടും ,പുഴയും,ജലവും ,വൃക്ഷവുമെല്ലാം തന്നെ വേണം .നാളത്തെ പൗരന്മാരായ നാം ഓരോരുത്തരും ഇനി വികസനം ചെയ്യേണ്ടത് മനുഷ്യർക്കുവേണ്ടി മാത്രമല്ല ,സകലമാന ജീവജാലങ്ങൾക്കും വേണ്ടികൂടിയാണ് .അങ്ങനെ നല്ലൊരു ഭാവിയെ നമുക്ക് വാർത്തെടുക്കാൻ സാധിക്കും

കീർത്തന.ഡി

8c

# കവിത

എന്തുഞാൻ ചെയ്യുമിനി
എന്തുഞാൻ ചെയ്യുമിനി
എന്തുഞാൻ നൽകുമിനി
വരുമൊരു കുലത്തിനായി
എന്തുഞാൻ നൽകുമിനി
കടയാകാടെല്ലാം പുഴയായ
ദുരമൂത്ത മർത്യന്റെ ആർത്തിക്കടങ്ങവേ
ഒരു തുള്ളി തെളിനീരിനായിരുന്നു
മർത്യകുലത്തിനായി എന്തുഞാൻ
മനുജൻ മനുജന്റെ ജീവനെടുക്കവേ
ജീവകുലത്തിന്റെ അന്തകനാകവേ
പണ്ടുള്ളോർ കരുതിയ വായുവും വെള്ളവും
ഇന്നത്തെ തലമുറ സുഖത്തിനായി തീർക്കവേ
കരയുവാൻ നേത്രത്തിലൊരുതുള്ളി നീരില്
അലയുന്നു ഞാനിന്നീ സൗരയൂഥങ്ങളിൽ
മാലിന്യം കൂട്ടുന്നു ഞാനിന്നു തീരുന്നു
തീരാത്ത ദാഹത്താൽ വെമ്പുന്ന പ്രകൃതിയും
തന്റെ സുഖത്തിനായ് ചെയ്യുന്ന കർമ്മമിത്
സ്വന്തം കുലത്തിന്റെ നാശമായിത്തീരുന്നു
ഉയരുന്ന സൗധങ്ങൾ പിടയുന്ന സഹ്യനും

മായുന്ന ജീവന്റെ അവസാന താളവും

മാലിന്യമക്രമം അതിധൂർത്തു കൊള്ളയും .

ഇവയിന്ന് മനുജന്റെ അന്ത്യം കുറിക്കുന്നു

അണുബോംബ് കൈബോംബ്

മിസൈൽ വെടിയുണ്ട

എന്നുടെ താള ഗതി തെറ്റുന്നു

നിങ്ങളാൽ മഞ്ഞിന്നുരുകുന്നു

ജലനിരപ്പുയരുന്നു അതിനാൽ

മനുഷ്യൻ സ്വന്തം നാശം കുറിക്കുന്നു .

നിങ്ങൾ തൻ ചെയ്തിയാൽ കാലങ്ങൾ

മാറുന്നു .....ചൂടിന്ന് കൂടുന്നു ഞാനെന്തു

ചെയ്യുമിനി മഴമാറി വെയിലായി

കരിയിന്നു ജീവനും തളരുന്നു

ഞാനും പരിഹാരമെന്തിനി

മരണത്തിൻ മുൻപായി ഞാനിതാ

പാടുന്നു......ഇത് നിന്റെ എന്റെയും

അന്ത്യ തുടിപ്പാണ് ..ഓർക്കുക .....

പ്രവീൺകൃഷ്ണൻ യു ബി

9C

# പുസ്തകപരിചയം

കേരളത്തിന്റെ ഹരിതജാലകം തുറന്നവർ ......

"വിത്തുകൾ വിതറിയിരിക്കുന്നു അത് വിതയ്ക്കുന്നവന്റെ കാര്യം .മഴയും വെയിലും ആകാശം തരും .പോഷകങ്ങൾ മണ്ണിലുണ്ട് .വിത്തുകൾ വളരും .കുറെ നശിക്കും .വളരുന്നവ പൂവിടും കായുണ്ടാകും .അവ വിത്തുകളായി മുളച്ചുവരും .ഞാൻ വിത്തിട്ടു പോകുന്നു .വിത്തുകൾ വീണ്ടും വിതയ്ക്കേണ്ടത് എന്റെ പ്രിയപെട്ടവരായ നിങ്ങളുടെ ചുമതല ആണ് .ആരും രക്ഷകനെ പ്രതീക്ഷിച്ചിരിക്കണ്ട .നിങ്ങൾ തന്നെ ആണ് രക്ഷകൻ ."

മലയാള മണ്ണിലെ പരിസ്ഥിതിയുടെ പിതാവ് എന്നറിയപ്പെടുന്ന പൂജനീയനായ ശ്രീ ജോൺ സി ജേക്കബിന്റെ വാക്കുകളാണിത് .ഇദ്ദേഹത്തെ പോലെ വരുംതലമുറയ്ക്കായി കേരളത്തിൽ വിത്തുകൾ വിതച്ച 10 പേരുടെ ജീവിത കഥയാണ് ആർ വിനോദ് കുമാറിന്റെ " കേരളത്തിന്റെ ഹരിതജാലകം തുറന്നവർ "എന്ന പുസ്തകം സ്വന്തം സംസ്കാരമെന്തെന്നു പോലും അറിയാത്ത ഒരു ജനത പാശ്ചാത്യ രാജ്യങ്ങളിലെ രീതികളെ പിന്തുടരാനായി കേരളത്തിലെ ഹരിതാഭമായ പ്രദേശങ്ങളെ അവർ നശിപ്പിച്ചു .കൃഷിയില്ല കുടിവെള്ളമില്ല പുഴയൊഴുക്കില്ല മരമായ മരമെല്ലാം മണ്ണടിഞ്ഞു ..ചെറു പുൽകുരുന്നുപോലും ടാറിനും ടൈലിനും കീഴമർന്നു .സ്ഥിതിയിങ്ങനെ തുടർന്നാൽ കേരളം വരും കാലങ്ങളിൽ വെറും പാഴ്മരുഭൂമി യാകുമെന്നറിഞ്ഞ ചിലർ രണ്ടും കല്പിച്ചു പോരാട്ടത്തിനിറങ്ങി .

മഴക്കാടുകളുടെ മാതാവ് എന്ന് സുഗതകുമാരിയെ അവതരിപ്പിച്ചുകൊണ്ടാണ് ഈ പുസ്തകം തുടങ്ങുന്നത് .

ഇന്നത്തെ ആഡംബര ലോകത്തിനു അത്ര പരിചയം ഇല്ലാത്ത ആന്റപ്പന്റെ ജീവിത കഥ തീർച്ചയായും വായിച്ചിരിക്കേണ്ടതാണ് .തന്റെ ജീവിതകാലം മുഴുവൻ" ഹോർത്തുസ് മലബാറിക്കസ് "എന്ന കൃതിയുടെ വിവർത്തനത്തിനായി ചെലവിട്ട കെ എസ് മണിലാലിന്റെ ജീവിത കഥ ഞെട്ടലുളവാക്കുന്നതാണ് .

പ്രകൃതി ജീവൻ ചിത്രത്തിൽ പകർത്തിയ പെരിന്തൽമണ്ണക്കാരൻ രാമചന്ദ്രൻ ,സസ്യജാലങ്ങളിൽ ദൈവസാന്നിധ്യം
അറിയുന്ന ഡോ .ആർ ജയകുമാരി ,വീട്ടുപറമ്പിനെ കാടാക്കി നിലനിർത്തുന്ന പ്രകൃതി വീട്ടുകാരി കൊല്ലകൽ ദേവകിയമ്മ ,

കേരളപ്രകൃതിക്ക് അക്ഷര ജീവിതം നൽകിയ സി കെ കരുണാകരൻ ,പക്ഷിച്ചിറകുകൾ നമുക്കു നൽകിയ ഇന്ദുചൂഡൻ
സസ്യശാസ്ത്രത്തിനു പുതിയ വേരും തളിരും ചൂടിച്ച ജാനകിയമാൾ
എന്നിവരെക്കുറിച്ചുള്ള അറിവ് ,നേരറിവ് അതിശയോക്തികൾ
തെല്ലും പുരളാതെ വിനോദ് കുമാർ സരളവും സുഗമമായും നമുക്കു നൽകുന്നു.
മലയാള നാട്ടിലെ ഹരിത പൂജാരികളെയെല്ലാം ഇതിലൂടെ അറിയാനാവുമെന്നു വിചാരിക്കുന്നില്ല .എന്നാൽ
സഹ്യ സാനുവിലെ മലനാടിന്റെ സൗഭഗത്തെ അറിയാനും നിലനിർത്താനും വിനാശങ്ങൾ തടയാനും
ലോകപ്രകൃതിയുടെ തത്ത്വ മെന്തെന്നറിയാനും മുന്നോട്ടേക്കു താളരാതെ ചുവടു വെയ്ക്കാനും സഹായിക്കുമാറ്
അടിസ്ഥാന പ്രവർത്തനം നടത്തിയ നടത്തിക്കൊണ്ടിരിക്കുന്ന സമർപ്പിത ജീവിതങ്ങളിൽ അവഗണിക്കാനാകാത്ത
ചിലരെയാണ് വിനോദ്കുമാർ അവതരിപ്പിച്ചി രിക്കുന്നത് .ഇന്നത്തെ കുട്ടികൾ ഇവരെപ്പോലെയുള്ളവരെയാണ്
,അറിയേണ്ടത് ,പിന്തുടരേണ്ടത് ;തപ്തവും ഭീഷണവുമായ മരുജീവിതത്തിലേക്കു അതിവേഗം ചുവടുവെച്ചു നീങ്ങുന്ന
അന്ധ പരിഷ്കൃതിയുടെ പുതിയ ആവേശങ്ങൾ ഈപുസ്തകം നൽകുന്നു .
ഒരുമരം ചെത്തി നശിപ്പിക്കുമ്പോൾ ,ഒരു പാടത്തിന്റെ വായിൽ മണ്ണിടുമ്പോൾ ഒരു പുഴയെ കോൺക്രീറ്റ് കൊണ്ടു

മൂടുമ്പോൾ ,കുപ്പിവെള്ളം മോന്താൻ വരണ്ട തൊണ്ട തുറക്കുമ്പോൾ

ഇവരെ ഓർമിക്കേണ്ടതുണ്ട് .ശ്രീ വി .മദധുസൂദനൻ നായർ

പുസ്തകത്തിന്റെ അവതാരികയിൽ ഇങ്ങനെ പറയുന്നു .എല്ലാ മരങ്ങളും മുറിച്ചുകഴിയുമ്പോൾ എല്ലാ മൃഗങ്ങളേയും

വേട്ടയാടിക്കഴിയുമ്പോൾ , മുഴവൻ വെള്ളവും മലിനമായിക്കഴിയുമ്പോൾ വായു ശ്വസിക്കാനാവാത്തതായി കഴിയുമ്പോൾ

മാത്രമേ നിങ്ങൾ മനസിലാക്കൂ പണം തിന്നു ജീവിക്കാനാകില്ലെന്ന് . അമേരിക്കയിലെ ക്രീ എന്ന പ്രാചീന ഗോത്ര വർഗ്ഗക്കാരുടെ ഈ

ദർശനം മാനവരാശിക്കുള്ള മുന്നറിയിപ്പാണ് .

നമ്മുടെ ലോകം മനോഹരമായി നിലനിർത്തേണ്ടത് നമ്മുടെ

ആവശ്യമാണ് .അതിനായി പരിശ്രമിച്ച

ചിലരെക്കുറിച്ചുള്ള ഇ പുസ്തകം എല്ലാ കുട്ടികളും തീർച്ചയായും

വായിച്ചിരിക്കേണ്ടതാണ് .

'

പ്രവീൺകൃഷ്ണൻ യു ബി

9C

# ചിത്രം

ശബരി

9C



# കവിത

## അമ്മയുടെ രോദനം

അമ്മയെന്നുള്ള രണ്ടക്ഷരത്താലെ
പണ്ടൊരു കൂട്ടരെന്നെ ഭജിച്ചിരുന്നു
ഭൂമി നമ്മുടെയെല്ലാം പെറ്റമ്മയാണെന്ന
തത്വത്തിലൂന്നി വളർന്നിരുന്നു ....
പക്ഷേയിന്നവരുടെ പിൻഗാമികളെന്റെ
യാകെ വ്യവസ്ഥ തകർത്തിടുന്നു

ഉയരത്തിൽ നിൽക്കും കൊടുമുടിയും
എൻ പദസരമായി കളകളമൊഴുകുന്ന
കാട്ടുപൂഞ്ചോലകൾ അരുവികളും
പണ്ടൊരോണത്തിന് കോടിയായികിട്ടിയ
ആകാശനീല സമുദ്രമുണ്ടും
എല്ലാമിതാ ഈ മനുഷ്യവർഗ്ഗത്തിന്റെ
ജീവികൾ തച്ചുതകർത്തിടുന്നു ...
എൻ ജീവശ്വാസമയാകെവർധിച്ചിട്ടും
ആരണ്യവും മരച്ചോലകളും
വാനരവർഗത്തിൻ പിൻഗാമികൾ ഇതാ
വെട്ടിമുറിച്ച് സുഖിച്ചിടുന്നു ...
ഇവരെന്റെ യാകെ വ്യവസ്ഥ തകർക്കുന്നു
ചില്ല് പൊടിക്കുന്ന ലാഘവത്തിൽ
മനുഷ്യന്റെ കുർത്ത മുനമ്പുകൾ

പേറുന്ന കുന്തങ്ങളെൻ  നെഞ്ചിലായനിടുന്നു .....
ഏന്തു  ചെയ്തിടുവാൻ  കഴിയുമെനിക്കിനി
ഉത്തരം  നൽകു  മനുഷ്യ .........
എൻ ജീവശ്വാസമയാകെവർധിച്ചിടും
ആരണ്യവും  മരച്ചോലകളും
വാനരവർഗത്തിൻ  പിൻഗാമികൾ  ഇതാ
വെട്ടിമുറിച്ച്  സുഖിച്ചിടുന്നു ...
ഇവരെന്റെ യാകെ  വ്യവസ്ഥ  തകർക്കുന്നു
ചില്ല്  പൊടിക്കുന്ന  ലാഘവത്തിൽ
മനുഷ്യന്റെ  കൂർത്ത  മുനമ്പുകൾ
പേറുന്ന കുന്തങ്ങളെൻ  നെഞ്ചിലായനിടുന്നു .....
ഏന്തു  ചെയ്തിടുവാൻ  കഴിയുമെനിക്കിനി
ഉത്തരം  നൽകു  മനുഷ്യ .........

പ്രവീൺ കൃഷ്ണൻ .യു ബി
9c

# പുസ്തകപരിചയം

## ആൽകെമിസ്റ്റ്

"നമ്മൾ ഒരു കാര്യം വളരെ ആത്മാർഥമായി ആഗ്രഹിച്ചാൽ ; ആ ആഗ്രഹം നടപ്പിലാക്കാൻ ഈ ലോകം മുഴുവൻ നമ്മോടൊപ്പം നിൽക്കും .

ലോക പ്രശസ്ത ബ്രെസിലിയൻ സാഹിത്യകാരനായ പൗലോകൊയ്‌ലോയുടെ വാക്കുകളാണിത് . ഏറ്റവും കൂടുതൽ വിവർത്തനം ചെയ്യപ്പെട്ട ഗ്രന്ഥത്തിന്റെ കർത്താവെന്ന നിലയിൽ ഗിന്നസ്സ് ബുക്കിൽ സ്ഥാനം നേടിയ ഒരു വ്യക്തി കൂടിയാണ് ഇദ്ദേഹം. പൗലോകൊയ്‌ലോയിക് ഗിന്നസ്സ് ബുക്കിൽ ഇടം നേടി കൊടുത്ത ആ പുസ്തകം ഏതണെന്ന് നിങ്ങൾക്ക് അറിയാമോ?

അറിയില്ലെങ്കിൽ ഞാൻ തന്നെ പറഞ്ഞുതരാം . ആ പുസ്തകം നമ്മുക്കേവർക്കും സുപരിചിതമായ ആൽകെമിസ്റ്റ് തന്നെയാണ് . ഈ പ്രശസ്ത നോവൽ മലയാളത്തിലേക്ക് വിവർത്തനം ചെയ്തിരുന്നത് മലയാളി സാഹിത്യകാരിയായ രമ മേനോൻ ആണ് . 'ആൽകെമിസറ്റ് 'വായിച്ചിട്ടില്ലെങ്കിൽ ഞാൻ തന്നെ ആ പുസ്തകത്തെ നിങ്ങൾക്ക് പരിചയപ്പെടുത്തി തരാം .സാന്റിയാഗോ ഒരു ഇടയ ബാലൻ ആയിരുന്നു .ചെറുപ്പം മുതലുള്ള അവന്റെആഗ്രഹം ആയിരുന്നു ലോകം ചുറ്റി കാണുക ആ ആഗ്രഹം സഫലം ആക്കാൻ വേണ്ടി ആണ് അവൻ ആട്ടിടയനായി ജീവിക്കാൻ ആരംഭിച്ചത് .പല പല രാജ്യങ്ങൾ

അവൻ തന്റെ ആടുകളോടൊപ്പം സന്ദർശിച്ചു .അങ്ങനെ ആന്റലീസ്യാ എന്ന ഒരു ഗ്രാമത്തിൽ വെച്ച് അവൻ ഒരു

പെൺകുട്ടിയെ കാണുകയും ഇഷ്ടപ്പെടുകയും ചെയ്തു .അടുത്ത വർഷം വീണ്ടും ആ

ഗ്രാമത്തിൽ തിരിച്ചെത്താൻ ആഗ്രഹിച്ചു .തിരിച്ചുള്ള യാത്രയ്ക്കിടയിൽ അവൻ ഒരു

സ്വപ്നം കണ്ടു .അവനെ ഒരു കുട്ടി കൈ പിടിച്ചു പിരമിഡുകളുടെ

അടുത്ത് നിധി കാണിച്ചു കൊടുക്കുന്നതായ ഒരു സ്വപ്നം .പിന്നീട് അവൻ സ്വപ്നങ്ങളുടെ അർത്ഥം മനസിലാക്കി

പറഞ്ഞുതരുന്ന ഒരു ജിപ്സി സ്ത്രീയെ കണ്ടുമുട്ടി .അതിന്റെ അർത്ഥം അവർ

പറഞ്ഞുകൊടുത്തു .അതിനു ശേഷം വൃദ്ധ

രാജാവിനെയും കൂട്ടി നിധിക്കായി യാത്ര തിരിച്ചു .അതിനിടയിൽ മരുപ്പച്ചയിൽ വെച്ച്

ഒരു ആൽകെമിസ്റ്റിനെ കണ്ടുമുട്ടി .അദ്ദേഹം അവനെ ഈയം ഉരുക്കി സ്വർണമാക്കുന്ന

വിദ്യ പഠിപ്പിച്ചു നൽകി . .അദ്ദേഹം അവനെ

മരുഭൂമിയിൽ നിന്ന് ഈജിപ്റ്റിൽ എത്തിച്ചു .ആ യാത്രയ്ക്കിടയിൽ അവൻ പ്രകൃതിയുടേയും മനസുകളുടെയും ഭാഷ

മനസിലാക്കി .ഒടുവിൽ അവൻ എല്ലാ കടമ്പകളും കടന്നു അവന്റെ ലക്ഷ്യത്തിൽ

എത്തിച്ചേരുന്നു .

ഒരു ജീവിതത്തിൽ ഉണ്ടായേക്കാവുന്ന ദുരിതങ്ങളും ഭാഗ്യവും എല്ലാം നമുക്ക് ഈ

നോവലിൽ കാണാൻ കഴിയും .ജീവിതത്തിൽ
ഒരു ലക്ഷ്യം ഉണ്ടെങ്കിൽ ഏതു പ്രതിസന്ധിയും തരണം ചെയ്‌തു അതു നേടാൻ കഴിയും എന്ന സന്ദേശം ഈ നോവലിൽ

നിന്ന് നമുക്ക് ലഭിക്കുന്നു .

ആർദ്ര ബി ആർ
8C

# ചിത്രം

ശബരി

9C



നന്ദി